ചന്ദ്രിക

24 January 2024

# സമുദ്ര ജൈവവൈവിധ്യത്തെ അടുത്തറിയാൻ സിഎംഎഫ്ആർഐയുടെ ശാസ്ത്രപാഠം

കൊച്ചി: ബിരുദാനന്തരബിരുദ വിദ്യാർഥികൾക്കും യുവ ഗവേഷകർക്കും സമുദ്രജൈവവൈവിധ്യത്തെക്കുറിച്ച് ശാസ്ത്രീയ അറിവുകൾ പകർന്ന് നൽകാനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെ വർധിച്ചുവരുന്ന വെല്ലുവിളികൾക്കിടയിൽ കടൽജൈവവിധ്യത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച ശാസ്ത്രീയ പാഠങ്ങൾ പുതുതലമുറയിലെത്തിക്കുകയാണ് ലക്ഷ്യം. അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ഫെബ്രുവരി അഞ്ച് മുതൽ ഒമ്പത് വരെ സിഎംഎഫ്ആർഐയിൽ നടക്കും. സമുദ്ര ജൈവവൈവിധ്യം, ടാക്സോണമി, പാരിസ്ഥിതിക വെല്ലുവിളികൾ തുടങ്ങിയവയെ കുറിച്ച് ആഴത്തിലുള്ള ധാരണ നൽകും. കടൽ വിഭവങ്ങൾ വിലയിരുത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശാസ്ത്രീയ കഴിവുകൾ സ്വന്തമാക്കുന്നതിനും പരിശീലനം നൽകും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സിഎംഎഫ്ആർഐയുടെ വെബ്സൈറ്റിൽ നൽകിയ ഗൂഗിൾ ഫോം ഉപയോഗിച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. അവസാന തീയതി ജനുവരി 29. പരമാവധി 30 പേർക്ക് പങ്കെടുക്കാം. ഡോ.മിറിയം പോൾ ശ്രീറാമാണ് കോഴ്സ് കൺവീനർ. ഫോൺ 8301048849.